**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **10-02-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം സ്ഥലം വഴിയ്ക്കായി വിട്ടു കൊടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ചാവക്കാട് നഗരസഭയിലെ ദ്വാരക ബീച്ചിൽ താമസിക്കുന്നവർക്ക് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സ്ഥലം വഴിയ്ക്കായി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും മണത്തല വില്ലേജ് സർവ്വെ 288/1A1, 289/1, 2 ൽ ഉള്ളതും ചാവക്കാട് നഗരസഭ വാർഡ് 24 ൽ ദ്വാരക ബിച്ചിന്റെ മുൻവശത്തു കൂടി വടക്കോട്ട് പോകുന്നതുമായ വഴി ഗതാഗതയോഗ്യമാക്കുന്നതിനു വേണ്ടി ദേവസ്വത്തിന്റെ അനുമതിക്കായി ചാവക്കാട് നഗരസഭയുടെ 27.08.2020 ലെ 24-ാം നമ്പർ തീരുമാന പ്രകാരം അപേക്ഷ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ 30.08.2020 തിയതിയിലെ 6-ാം നമ്പർ തീരുമാനം പ്രകാരം ഇക്കാര്യത്തിൽ സംയുക്ത യോഗം നടത്തുന്നതിന് തീരുമാനിക്കുകയും പ്രസ്തുത യോഗത്തിലെ ധാരണയനുസരിച്ച് ദ്വാരക ബീച്ചിന് സമീപത്തുള്ള 13.93 ഏക്കർ ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിന് തെക്കു വടക്ക് നീളത്തിലും കിഴക്ക് പടിഞ്ഞാറ് 4.2 മീറ്റർ വീതിയിലും പൊതു ഉപയോഗത്തിന് ഒരു റോഡ് നിർമ്മിക്കുന്നതിന് ചാവക്കാട് നഗരസഭ തയ്യാറാണെന്ന് അറിയിച്ചത് പ്രകാരം പടിഞ്ഞാറെ വശത്തുള്ള കൈവശക്കാർ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടു കൊടുക്കുന്ന പക്ഷം ദേവസ്വം വക സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്ന് 2.8 മീറ്റർ വീതിയിലുള്ള സ്ഥലം കൂടി ഉൾപ്പെടുത്തി 4.2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുവാൻ ദേവസ്വം കമ്മീഷണറുടെ അനുമതിയ്ക്ക് വിധേയമായി ചാവക്കാട് നഗരസഭയ്ക്ക് അനുമതി നൽകുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ 10.09.2020 തീയതിയിലെ 3-ാം നമ്പർ തീരുമാനം പ്രകാരം ഭരണസമിതി തീരുമാനിക്കുകയും അനുമതിക്കായി 21.09.2020 ന് ഗുരുവായൂർ ദേവസ്വം കമ്മീഷണർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം ദേവസ്വം സ്ഥലത്തിന്റെ അതിർത്തിയിൽ താമസിക്കുന്ന വസ്തു ഉടമകൾ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടു |

| | | | |
|---|---|---|---|
| | | | നൽകിയതിനു ശേഷം മാത്രം ദേവസ്വം വക ദ്വാരക ബീച്ചിലുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്നും 2.8 മീറ്റർ വീതിയിലുള്ള സ്ഥലം, ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വത്തിൽ തന്നെ നിലനിർത്തി കൊണ്ട് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി ചാവക്കാട് നഗരസഭക്ക് അനുമതി നൽകിയിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ പ്രദേശവാസികളുമായി ചർച്ച നടത്തിയതിൽ അവരുടെ കൈവശത്തിലുള്ളതും ആധാരപ്രകാരമുള്ളതുമായ സ്ഥലത്തിൽ നിന്നും ദേവസ്വം നിർദ്ദേശിച്ച അളവ് പ്രകാരം വിട്ടു നൽകാൻ തയ്യാറാണെന്ന് അറിയിച്ചതായും ദേവസ്വം സ്ഥലത്തോട് ചേർന്നുള്ള പരിസരവാസികളുടെ സ്ഥലമുൾപ്പടെ അളവ് തിട്ടപ്പെടുത്തുന്ന തരത്തിൽ ഒരു റീസർവ്വെ നടത്തണമെന്നും അഭിപ്രായപ്പെട്ടതായും ആയതിനാൽ റീസർവ്വെ നടത്തി നിർദ്ദേശപ്രകാരം റോഡിന് വേണ്ടി സ്ഥലം വിട്ടുതരുന്ന കാര്യമറിയിക്കുന്നതാണെന്നും നഗരസഭ അറിയിച്ചതിനെ തുടർന്ന് ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള വസ്തു ഉടമസ്ഥരുടെ സ്ഥലത്തിന്റെ കിഴക്കെ അതിരിൽ നിന്ന് 1.4 മീറ്റർ വീതിയിലും ദേവസ്വം സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്ന് 2.8 മീറ്റർ വീതിയിലുമുള്ള സ്ഥലം ഒരേ സമയം അളന്നു തിരിച്ച് റോഡാക്കി മാറ്റിയിടുന്നതിന് സൗകര്യപ്പെടുന്ന ദിവസം നിശ്ചയിക്കുന്നതിനും സ്ഥലം എം.എൽ.എ., ചാവക്കാട് നഗരസഭ പ്രതിനിധികളുമായി കൂടിയാലോചിച്ച് തീയതി നിശ്ചയിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിരുന്നു. തുടർന്നും ചാവക്കാട് ദ്വാരക ബീച്ചിനടുത്ത് ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച ഭരണസമിതി ബഹു. എം.എൽ.എ., ചാവക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുമായി വിഷയം ചർച്ച ചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം ചെയർമാനെ ചുമതലപ്പെടുത്തി. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്ഥലം വിട്ടുകൊടുക്കുന്നതിന് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കമ്മീഷണർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ 22/07/2021 - തീയതിയിലെ GDC-2/58/2020-GDC നമ്പർ നടപടിക്രമം മുഖേന അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ നടപടി ക്രമം
(ഹാജർ:: ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്.)

വിഷയം:: ഗുരുവായൂർ ദേവസ്വം - ദേവസ്വം വക ദ്വാരക ബീച്ചിലുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്നും 2.8 മീറ്റർ വിതിയിലുള്ള സ്ഥലം പൊതുഗതാഗതത്തിനുവേണ്ടി ചാവക്കാട് നഗരസഭയ്ക്ക് വിട്ടു നൽകുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്ററുടെ 21.09.2020 ലെ ബി3-6565/2020 നമ്പർ ശുപാർശ.

---

**പ്രൊസീഡിംഗ്സ് നമ്പർ.** GDC-2/58/2020-GDC

ഗവ. സെക്രട്ടേറിയറ്റ്, തീയതി, തിരുവനന്തപുരം (22/07/2021)

---

**ഉത്തരവ്**

ഗുരുവായൂർ ദേവസ്വം വക മണത്തല വില്ലേജ് സർവ്വേ നം. 288/1A, 289/1, 282/2 നമ്പറുകളിലുള്ള 13.93 ഏക്കർ സ്ഥലത്തിന്റെ പടിഞ്ഞാറെ അതിർത്തിയോട് ചേർന്നുള്ള സ്ഥലമുടമകൾക്കും താമസക്കാർക്കും ഗതാഗതത്തിന് വേറെ വഴിയില്ലാത്തതിനാൽ, ടി സ്ഥലത്തുകൂടി വർഷങ്ങളായി വാഹനഗതാഗതമടക്കമുള്ള ഗതാഗതത്തിന് ഉപയോഗിച്ചുവരികയാണെന്നും ദേവസ്വം വക ടി സ്ഥലത്തിന്റെ നാലതിരുകളിലും മതിൽ കെട്ടി സംരക്ഷിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച സ്ഥിതിയ്ക്ക് കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിനുള്ള സ്ഥലം കൈമാറേണ്ടതുണ്ടെന്നും ദേവസ്വം വക സ്ഥലത്തിന്റെ സമീപവാസികളുമായി വഴി തർക്കം പരിഹരിക്കുന്നതിന് 1987 മുതൽ പല തരത്തിലും ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും പരിഹാരമാകാത്തതിനെ തുടർന്ന് ചാവക്കാട് നഗരസഭാ ചെയർമാൻ ഇക്കാര്യത്തിൽ സമർപ്പിച്ച കത്ത് പ്രകാരം ദേവസ്വം സ്ഥലത്തിന്റെ അതിർത്തിയിൽ താമസിക്കുന്ന വസ്തു ഉടമകൾ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടുനൽകുമെന്നും ദേവസ്വം വക ഭൂമിയിൽ നിന്നും 2.8 മീറ്റർ വീതിയിൽ സ്ഥലം വിട്ടുനൽകുകയാണെങ്കിൽ 4.2 മീറ്റർ വീതിയിൽ ഗതാഗതയോഗ്യമായ വഴി രൂപീകരിക്കാമെന്നും ആയതിന് ദേവസ്വം അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും നഗരസഭയുടെ അപേക്ഷ സംയുക്ത യോഗം ചർച്ച ചെയ്യുകയും യോഗത്തിലെ ധാരണയനുസരിച്ച് വസ്തു ഉടമകൾ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടുകൊടുക്കുന്ന പക്ഷം ദേവസ്വം വക ഭൂമിയിൽ നിന്നും 2.8 മീറ്റർ വീതിയിലുള്ള സ്ഥലം കൂടി ദേവസ്വം കമ്മീഷണറുടെ അനുമതിയ്ക്ക് വിധേയമായി വിട്ടുകൊടുത്ത്, റോഡ് നിർമ്മിക്കുന്നതിന് ചാവക്കാട് നഗരസഭയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം

കാലങ്ങളായുള്ള തർക്കം പരിഹരിച്ച് ദേവസ്വം വക സ്ഥലം മതിൽ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി നഗരസഭയുടെ അപേക്ഷ പ്രകാരം, ദേവസ്വം വക ദ്വാരക ബീച്ചിലുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്നും 2.8 മീറ്റർ വീതിയിലുള്ള സ്ഥലം പൊതുഗതാഗതത്തിന് വിട്ടു നൽകുന്നതിന് അനുമതി നൽകണമെന്നും ഭരണസമിതി അഡ്മിനിസ്ട്രേറ്റർ ശുപാർശ സമർപ്പിച്ചിരുന്നു.

മേൽ വിഷയം വിശദമായി പരിശോധിച്ചു. ഗുരുവായൂർ ദേവസ്വം ഭരണസമിതി തീരുമാനത്തിന്റെയും അഡ്മിനിസ്ട്രേറ്ററുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, ദേവസ്വം സ്ഥലത്തിന്റെ അതിർത്തിയിൽ താമസിക്കുന്ന വസ്തു ഉടമകൾ 1.4 മീറ്റർ വീതിയിൽ സ്ഥലം വിട്ടുനൽകിയതിനു ശേഷം മാത്രം ദേവസ്വം വക ദ്വാരക ബീച്ചിലുള്ള സ്ഥലത്തിന്റെ പടിഞ്ഞാറെ അതിരിൽ നിന്നും 2.8 മീറ്റർ വിതിയിലുള്ള സ്ഥലം, ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി ചാവക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Venugopal P
ഗുരുവായൂർ ദേവസ്വം കമ്മീഷണർ

അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിററ്, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.